**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**

നമ്പർ: സി3/17084/12 (2)

തൈക്കാട്, തിരുവനന്തപുരം: 14
തീയതി: 11/06/2012

## ചുറ്ററിയിപ്പ്

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - തിരുവനന്തപുരം - സംസ്ഥാനത്തെ പ്രൈവറ്റ് ഐ.ടി.ഐ.കളിലെ പരിശോധന - പരിശോധനാ സംഘത്തെ നിയോഗിച്ചത് - സജ്ജീകരണങ്ങൾ ക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഇല്ല.

* * * * *

സംസ്ഥാനത്തെ പ്രൈവറ്റ് ഐ.ടി.ഐ.കളിലെ പരിശോധന കർശനമാക്കണമെന്ന് 25/04/2012 ൽ നടന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ യോഗത്തിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരിക്കുന്നു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രൈവറ്റ് ഐ.ടി.ഐ.കളിലെ പരിശീലന നിലവാരം മെച്ചപ്പെടുത്തുന്നതിനും ഡി.ജി.ഇ.&റ്റി.യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള കാര്യക്ഷമമമായ പരിശീലനം പരിശീലനാർത്ഥികൾക്ക് ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ എല്ലാ പ്രൈവറ്റ് ഐ.ടി.ഐ.കളിലും വിശദമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ മൂന്നംഗ പരിശോധനാ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തെ എല്ലാ പ്രൈവറ്റ് ഐ.ടി.ഐ.

പ്രിൻസിപ്പാൾമാർ / മാനേജ്മെന്റുകളും, അവരവരുടെ സ്ഥാപനങ്ങളിൽ പരിശോധനാ സംഘത്തിന് പരിശോധന നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സജ്ജീകരിച്ചുകൊടുക്കേണ്ടതാണ്.

(ഒപ്പ്)
ട്രെയിനിംഗ് ഡയറക്ടർ

1. എല്ലാ പ്രൈവറ്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ / മാനേജ്മെന്റ് (നോഡൽ ഗവ. ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ മുഖേന)
2. എല്ലാ നോഡൽ ഗവ. ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് ചുറ്ററിയിപ്പിന്റെ പകർപ്പ് അധികാരപരിധിയിൽ വരുന്ന ജില്ലയിലെ മുഴുവൻ പ്രൈവറ്റ് ഐ.ടി.ഐ.കൾക്കും അയച്ചു കൊടുക്കേണ്ടതും റിപ്പോർട്ട് ഉടൻ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

**പകർപ്പ്:**

1. എല്ലാ ഐ.ടി. മാർക്കും
2. ഡയറക്ടറുടെ സി.എ.
3. അഡീഷണൽ ഡയറക്ടറുടെ സി.എ.
4. കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

SP/11/06
(P)

P/ publish in website
15/6/12